II. ശ്രദ്ധക്ഷണിക്കൽ

(1) നിർദ്ധനരായ രോഗികൾക്ക് യഥാസമയം ധനസഹായം വിതരണം ചെയ്യാത്തതുമൂലം അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ഗുരുതരമായ രോഗം ബാധിച്ച പാവപ്പെട്ട രോഗികൾക്ക് ചികിൽസയ്ക്കായി സഹായം നൽകുന്ന ആരോഗ്യ വകുപ്പിലെ assistance to the poor എന്ന പദ്ധതി പ്രകാരമുള്ള സഹായം വിതരണം ചെയ്യാത്തതുമൂലം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടിലേക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. 1999-ലാണ് അതീവ ഗുരുതരമായ രോഗങ്ങൾ ബാധിച്ചവർക്കുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി ഇങ്ങനെ ഒരു പദ്ധതിക്ക് രൂപം നൽകിയത്. ഹൃദയ ശസ്ത്ര ക്രിയ, മസ്തിഷ്ക ശസ്ത്രക്രിയ, നട്ടെല്ലിനുള്ള ഗുരുതരമായിട്ടുള്ള ശസ്ത്രക്രിയ, കിഡ്നി മാറ്റിവയ്ക്കൽ തുടങ്ങിയ ശസ്ത്രക്രിയകളിലൂടെ ജീവൻ രക്ഷിക്കാനാണ് ഈ സഹായം നൽകി വന്നിരുന്നത്. ഡോക്ടമാർ ആവശ്യപ്പെടുന്നതിന്റെ 75 ശതമാനം തുക ഈ പദ്ധതിയിൽനിന്ന് നൽകാനാണ് തീരുമാനിച്ചിരുന്നത്. ബഹുമാനപ്പെട്ട മന്ത്രി ചെയർമാനും, ഡി.എച്ച്.എസ്.-ഉം ഡി.എം.ഒ.-യും ഉൾപ്പെടെയുള്ളവർ അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നതതല സമിതി ഇത് പരിശോധിച്ച് മൂന്ന് മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് തീരുമാനം എടുത്ത് ഇത്തരം ഗുരുതരമായ രോഗങ്ങൾ ബാധിച്ചവർക്ക് സഹായം നൽകണമെന്നാണ് ഈ പദ്ധതി പ്രകാരം രൂപീകരിച്ച സൊസൈറ്റിയുടെ നിയമാവലിയിൽ പറയുന്നത്. ഇപ്പോൾ കേരളത്തിൽ 4000 അപേക്ഷകരാണ് ഈ പദ്ധതി പ്രകാരം അപേക്ഷ നൽകിയിട്ട് ചികിൽസാ സഹായത്തിനുവേണ്ടി കാത്തിരിക്കുന്നത്. 4000 അപേക്ഷകൾ സംസ്ഥാനത്ത് കെട്ടിക്കിടക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, മൂന്ന് വർഷക്കാലത്തിനുള്ളിൽ, രണ്ടേ രണ്ട് തവണ മാത്രമാണ് ഈ സമിതി യോഗം ചേർന്നിട്ടുള്ളത്. മൂന്ന് മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് രോഗികളെ രക്ഷിക്കുന്നതിന് വേണ്ടി ചികിൽസാ സഹായം നൽകുന്ന ഈ പദ്ധതിയിൽ മൂന്നു വർഷത്തിനുള്ളിൽ രണ്ട് തവണ മാത്രമാണ് സമിതി യോഗം ചേർന്നത്. 2001 വരെയുള്ള അപേക്ഷകൾ മാത്രമാണ് ഈ പദ്ധതി പ്രകാരം ഇതുവരെ പരിഗണിക്കാൻ കഴിഞ്ഞിട്ടുള്ളത്. 4000 പേർ അപേക്ഷ നൽകിയതിൽ നൂറോളം ആളുകൾ സഹായം ലഭിക്കാതെ മരണപ്പെട്ടു. ബഹുമാനപ്പെട്ട മന്ത്രിയുടെ അസൗകര്യം കാരണം ഇതിന്റെ യോഗങ്ങൾ പോലും ചേരാൻ കഴിയാത്ത സ്ഥിതിയാണ്. ധനകാര്യമന്ത്രി ഇന്നലെ പറഞ്ഞു 'മുഖ്യമന്ത്രിയുടെ ചികിൽസാ നിധിയിൽ പണം ഇല്ല. അതുകൊണ്ട് ഞങ്ങൾ ലോട്ടറി നടത്തി അത് പരിഹരിക്കും' എന്ന്. പാവപ്പെട്ട രോഗികൾക്ക് ഗുരതരമായ ശസ്ത്രക്രിയയ്ക്ക് സഹായം നൽകുന്ന ഈ പദ്ധതി പ്രകാരം 1,98,00,000 രൂപ ചെലവഴിക്കാതെ കിടക്കുകയാണ്. അത് വെളിവാക്കുന്നത് അപേക്ഷ നൽകിയിട്ടുള്ള 4000 പേർക്കും സഹായം നൽകുന്നതിനുവേണ്ടിയുള്ള പണം ഉണ്ട് എന്നാണ്. പക്ഷേ ആരോഗ്യവകുപ്പുമന്ത്രിക്ക് യോഗം

9.30 am.]

LIBRARY ARCHIVES Kerala Legislative Assembly

ചേരാൻ സമയം ഇല്ലാത്തതുകൊണ്ട് ഇത് നൽകുന്നില്ല. ഈ കാലയളവിനുള്ളിൽ അദ്ദേഹം 25-30 തവണ ഗ്രൂപ്പ് യോഗത്തിൽ പങ്കെടുത്തിട്ടുണ്ട്. പക്ഷേ ഈ പാവപ്പെട്ട ഗുരുതരമായ രോഗം ബാധിച്ച് മരണത്തോട് മല്ലടിക്കുന്ന, രോഗികൾക്ക് സഹായം നൽകുന്നതിനുവേണ്ടി ഈ യോഗം ചേരാൻ അദ്ദേഹത്തിന് സമയം കിട്ടുന്നില്ല. ഈ പദ്ധതിയെ അട്ടിമറിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ചികിൽസയ്ക്ക് വേണ്ടിയുള്ള എല്ലാ സഹായ പദ്ധതികളെയും അട്ടിമറിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ പണമില്ല. ഈ പദ്ധതിയിൽ മുമ്പ് രണ്ടു കോടി മൂന്നു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നെങ്കിൽ ആരോഗ്യവകുപ്പിന്റെ ഗുരുതരമായ അനാസ്ഥമൂലം കഴിഞ്ഞ ബഡ്ജറ്റിൽ 25 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ഗുരുതരമായി രോഗം ബാധിച്ച പാവപ്പെട്ട രോഗികൾ പിടഞ്ഞു വീണു മരിക്കുകയാണ്. ചികിൽസാ സഹായം ലഭിക്കാതെ നൂറോളം രോഗികൾ മരണപ്പെട്ടിരിക്കുന്നു. ആ മരണത്തിന് ഉത്തരവാദിയായ ആരോഗ്യ വകുപ്പു മന്ത്രിയുടെ പേരിൽ കൊലക്കുറ്റത്തിന് കേസ് എടുക്കേണ്ടതാണ്. പണം കെട്ടിക്കിടക്കുന്നു, വിതരണം നടത്തുന്നില്ല. ഇവിടെ 1,98,00,000 രൂപ കെട്ടിക്കിടക്കുന്നു. പല പദ്ധതികൾക്കും പണമില്ലായെന്നു പറയുന്നു. പണമില്ലാത്തതുകൊണ്ട് നൽകുന്നില്ല എന്നുപറയുന്നു. ഇവിടെ 1,98,00,000 രൂപ കെട്ടിക്കിടക്കുന്നു. അതുകൊണ്ട് സർക്കാർ ഇത് ഗൗരവതരമായി കാണണം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നം വളരെ ഗൗരവമായി കാണണം. ഇവിടെ 4000 രോഗികൾ അപേക്ഷ കൊടുത്തു കാത്തിരിക്കുകയാണ്. അവർക്ക് ചികിത്സാ സഹായ പദ്ധതി മുഖേനയുള്ള ചികിത്സ ലഭിക്കുന്നതിനുവേണ്ടി അടിയന്തിരമായ നടപടി സ്വീകരിക്കണം. സമിതിയുടെ യോഗം അടിയന്തിരമായി കൂടുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കണം. വരുന്ന ബഡ്ജറ്റുകളിലെങ്കിലും ഈ പദ്ധതി ശക്തിപ്പെടുത്തുന്നതിന് കൂടുതൽ തുക മാറ്റിവയ്ക്കാനും സർക്കാർ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, എല്ലാം ഒരു തെറ്റിദ്ധാരണയാണ്. 23-3-2004 ലാണ് ഗവേണിംഗ് ബോഡിയുടെ അവസാന യോഗം കൂടിയത്. അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ ഇതു വീണ്ടും കൂടും. അദ്ദേഹം പറയുന്ന മാതിരി അപാകതയൊന്നും ഇതിലില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി 1999-ൽ പാവപ്പെട്ട രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നതിനാരംഭിച്ച പദ്ധതിയാണിത്. 24,000-രൂപയിൽ കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്കാണ് ഇതിൽനിന്നുള്ള സഹായം കൊടുക്കുന്നത്. അദ്ദേഹം പറഞ്ഞതുപോലെ ഡോക്ടർ നിശ്ചയിക്കുന്ന തുകയുടെ 75 ശതമാനമാണ് ധനസഹായമായി നൽകുന്നത്. സംസ്ഥാന സർക്കാർ അതാത് വർഷം ബഡ്ജറ്റിൽ വക കൊള്ളിക്കുന്ന തുകയിൽ നിന്നാണ് സൊസൈറ്റിക്ക് ഫണ്ട് ലഭിക്കുന്നത്. സംസ്ഥാന സർക്കാർ വിഹിതത്തിൽ 50 ശതമാനം കേന്ദ്ര വിഹിതമായി ലഭിക്കും. സംസ്ഥാന സർക്കാരിന്റെ 2003-04-ലെ വിഹിതമായ 25 ലക്ഷം രൂപയും മുൻ വർഷങ്ങളിൽ ചെലവാകാതെ കിടന്ന തുകയും ചേർത്താണ് 1,67,40,687 രൂപ സൊസൈറ്റിയുടെ അക്കൗണ്ടിൽ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ബാക്കിയുള്ളത്. നാളിതുവരെ 2,684 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ തുക അപേക്ഷകർക്ക് അനുവദിക്കുന്നതിനായി 23-3-2004-ൽ (ഞാൻ ചാർജ്ജെടുത്തു കഴിഞ്ഞ് വൈകാതെ തന്നെ) ഗവേണിംഗ് ബോഡിയുടെ ഒരു യോഗം വിളിച്ചുകൂട്ടി. താഴെ പറയുന്ന തീരുമാനം പ്രസ്തുത യോഗം കൈക്കൊണ്ടു. അപേക്ഷ ലഭിച്ച തീയതിയുടെ മുൻഗണനാ ക്രമത്തിനു പകരം രോഗി ചികിത്സ ആരംഭിച്ചതിന്റെ മുൻഗണനാ ക്രമത്തിലാണ് അപേക്ഷകൾക്ക് ധനസഹായം അനുവദിക്കേണ്ടത്. ഇപ്പോൾ അമ്പതിനായിരം രൂപ പരമാവധി അനുവദിക്കുന്ന ശസ്ത്രക്രിയയ്ക്ക് ഇനിമുതൽ ഇരുപതിനായിരം രൂപ പരമാവധി അനുവദിക്കണം. ആ രീതിയിൽ ലിസ്റ്റ് പുനർനിർണ്ണയം ചെയ്യുന്നതിനായി ആ കമ്മിറ്റിയെ ഏല്പിച്ചിരിക്കുകയാണ്. നിലവിലുള്ള അപേക്ഷകളുടെ എണ്ണം കൂടുതലായതുകൊണ്ട് ധനസഹായത്തിന്റെ തോത് പുനർനിർണ്ണയിക്കാൻ കമ്മിറ്റി തീരുമാനിച്ചു. ഈ പുനർനിർണ്ണയത്തിന്റെ ലിസ്റ്റ് കിട്ടിയിട്ടില്ല. പുനർനിർണ്ണയമനുസരിച്ചുള്ള റിപ്പോർട്ടു കൂടിയായാലുടൻ നിലവിലുള്ള അപേക്ഷകൾക്ക് ധനസഹായം ലഭിക്കും. അതിന് സമയം അധികം എടുക്കുകയില്ല. ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ അത് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ഇതിനകത്ത് ഒരു പ്രധാന പ്രശ്നമുള്ളത് രണ്ടു മൂന്നു രോഗങ്ങൾക്കാണ് സഹായം നല്കുന്നത്. ഹൃദയ ശസ്ത്രക്രിയയ്ക്കും മസ്തിഷ്ക ശസ്ത്രക്രിയയ്ക്കുമൊക്കെയാണ് സഹായം നല്കുന്നത്. അപേക്ഷ നല്കിയാൽ ഒന്നും രണ്ടും വർഷം കഴിഞ്ഞ് ഈ സഹായം നല്കിയതുകൊണ്ട് അവർക്ക് യാതൊരു പ്രയോജനവുമില്ല. രോഗം സീരിയസ് ആകുമ്പോഴാണ് ഡോക്ടർമാർ ശസ്ത്രക്രിയ വേണമെന്നു നിർദ്ദേശിക്കുന്നത്. രണ്ട് വർഷം കഴിഞ്ഞ് ഇത് കൊടുത്താൽ അവർക്ക് പ്രയോജനം ലഭിക്കുകയില്ല. അതുകൊണ്ടാണ് ഇതിന്റെ നിയമാവലിയിൽ തന്നെ മൂന്നു മാസത്തിലൊരിക്കൽ യോഗം കൂടി തീരുമാനം എടുക്കണമെന്നു പറയുന്നത്. അതിന്റെ ഗൗരവം എന്താണ് മന്ത്രി ഉൾക്കൊള്ളാത്തത്? മൂന്നു മാസത്തിലൊരിക്കൽ യോഗംകൂടി തീരുമാനമെടുക്കുവാൻ നടപടി സ്വീകരിക്കണം. രണ്ടാമത്തെ യോഗത്തിന്റെ മിനിട്ട്സ് ഇതുവരെ തയ്യാറായിട്ടില്ല.

ശ്രീ. കടവൂർ ശിവദാസൻ: അങ്ങ് പറയുന്ന ഇൻഫർമേഷനെല്ലാം അങ്ങേയ്ക്കുള്ളതാണ്. എനിക്ക് ഇല്ല. ഞാൻ ചാർജ്ജെടുത്തിട്ട് നാലു മാസമേ ആയിട്ടുള്ളൂ. ഒരു മാസത്തിനകംതന്നെ ഈ ഡിപ്പാർട്ടുമെന്റിൽ എന്തൊക്കെയാണ് എന്റെ ജോലിയെന്ന് ഞാൻ പഠിച്ചു. അതിന്റെ കൂട്ടത്തിൽ ഇങ്ങനെയും ഒരു കാര്യമുണ്ടെന്നുകണ്ടു. അപ്പോൾ തന്നെ മീറ്റിംഗ് വിളിച്ചുകൂട്ടി കണക്കെടുത്തു. കണക്കെടുത്തപ്പോൾ ഈ അപേക്ഷകർക്കെല്ലാം, എന്തെങ്കിലും കൊടുക്കണമെന്നുള്ള രീതിയിൽ പുനർനിർണ്ണയം ചെയ്യുകയല്ലാതെ മാർഗ്ഗമില്ല എന്നു മനസ്സിലാക്കി. അല്ലെങ്കിൽ ലഭ്യമായതിൽ പകുതി അപേക്ഷകൾക്കേ ധനസഹായം കൊടുക്കുവാൻ പറ്റുകയുള്ളൂ. ആ രീതിയിൽ പുനർനിർണ്ണയം ചെയ്യും. ഞാൻ ഇപ്പോൾ വിളിച്ചു ചോദിച്ചു. ഏതാനും ദിവസത്തിനുള്ളിൽത്തന്നെ സീനിയോറിറ്റി പുനർനിർണ്ണയം ചെയ്ത് ലിസ്റ്റു കിട്ടും. ലിസ്റ്റ് കിട്ടിയാൽ അപ്പോൾത്തന്നെ ധനസഹായം കൊടുക്കുന്നതാണ്.